# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 267 — 26.09.2016 ൽ - മറുപടിക്ക്

## പുതുക്കിയ റേഷൻകാർഡ് വിതരണം ചെയ്യുന്നതിലെ കാലതാമസം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എസ്. ശർമ്മ : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) പുതുക്കിയ റേഷൻ കാർഡ് വിതരണം ചെയ്യുന്നതിന് കാലതാമസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ), (ബി) & (സി) | പുതുക്കിയ റേഷൻകാർഡ് എത്രയും വേഗം വിതരണം ചെയ്യാനുളള പ്രവർത്തനങ്ങൾ നടന്നു വരുകയാണ്. അതു വരെ ആനുകൂല്യങ്ങൾക്കായി പഴയ റേഷൻ കാർഡ് ഉപയോഗിക്കാവുന്നതാണ്. സംസ്ഥാനത്തിൽ 2013 ലെ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കൽ മുന്നിൽ കണ്ടുകൊണ്ട് റേഷൻ കാർഡ് പുതുക്കൽ നടപടി പൂർത്തീകരിച്ചു വരികയാണ്. എന്നാൽ അത്യാവശ്യ ഘട്ടങ്ങളിൽ താൽക്കാലിക റേഷൻ കാർഡുകൾ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) റേഷൻ കാർഡ് പുതുക്കി ലഭിക്കാത്തതുമൂലം സർക്കാർ തലത്തിൽ ലഭിക്കേണ്ടതായ ആനുകൂല്യങ്ങൾ, സർട്ടിഫിക്കറ്റുകൾ എന്നിവയ്ക്കായി അപേക്ഷിക്കുന്നതിന് ജനങ്ങൾ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) ഇക്കാര്യം പരിശോധിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ